## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 319** | **12.01.2021-ൽ മറുപടിയ്ക്ക്**

### അലോപ്പതി മരുന്നുകളുടെ പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന അലോപ്പതി മെഡിക്കൽ ഷോപ്പുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ; | എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അലോപ്പതി മെഡിക്കൽ ഷോപ്പുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| ബി) മലപ്പുറം ജില്ലയിൽ ഇത്രയധികം മെഡിക്കൽ ഷോപ്പുകൾ ഉണ്ടായിട്ടും ജില്ലയിൽ ലൈസൻസിങ് അതോറിറ്റിയായ ഒരു അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ ഓഫീസ് അനുവദിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കാമോ; | ബി) | മലപ്പുറം ജില്ലയിലെ ഔഷധ വ്യാപാര സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിനായി, 3 ഡ്രഗ്സ് ഇൻസ്പെക്ടർമാരുണ്ട്. കൂടാതെ കോഴിക്കോട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ ഓഫീസിലെ ഡ്രഗ്സ് ഇൻസ്പെക്ടർ (ഇന്റലിജൻസ് ബ്രാഞ്ച്)യുടെ സേവനവും മലപ്പുറം ജില്ലയിൽ ലഭ്യമാണ്. |
| സി) അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ ഒരു ഓഫീസ് മലപ്പുറത്ത് ആരംഭിക്കുന്നതിന് വേണ്ടി സർക്കാരിൽ വല്ല നിർദ്ദേശവും വന്നിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | സി യും ഡി) യും | നിലവിൽ പരിഗണനയിൽ ഇല്ല. |
| ഡി) എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ ഓഫീസ് ആരംഭിക്കുന്നത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുമെന്ന് കരുതുന്നുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിൽ വല്ല നിർദ്ദേശവുമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **എണ്ണം** |
|---|---|
| തിരുവനന്തപുരം | 2014 |
| പത്തനംതിട്ട | 673 |
| കൊല്ലം | 1515 |
| കോട്ടയം | 919 |
| ഇടുക്കി | 401 |
| ആലപ്പുഴ | 1201 |
| എറണാകുളം | 1848 |
| തൃശ്ശൂർ | 1657 |
| പാലക്കാട് | 1247 |
| കണ്ണൂർ | 921 |
| കാസറഗോഡ് | 426 |
| കോഴിക്കോട് | 1631 |
| മലപ്പുറം | 2084 |
| വയനാട് | 308 |
| **ആകെ** | **16845** |